ലേഖനം

എം. സാജിദ്

# വർഗീയവൽക്കരിക്കപ്പെടുന്ന കർണാടക

**പൗരാവകാശത്തിന് വേണ്ടി ചെറുത്തുനിന്നതിലൂടെ ആഇശ അസ്മിൻ എന്ന ബി.കോം വിദ്യാർഥിനിയാണ് പ്രശ്നം പൊതുശ്രദ്ധയിൽ കൊണ്ടുവന്നത്. ക്ലാസിൽ കയറുമ്പോൾ ബുർഖ പാടില്ലെന്നായിരുന്നു ആദ്യ ഉത്തരവ്. ഒരു മാസം കഴിഞ്ഞപ്പോൾ കാമ്പസിൽ തന്നെ ബുർഖക്ക് നിരോധമായി. ബുർഖ ധരിച്ചുവരുന്നവർ ഗേറ്റിനു പുറത്തുവെച്ച് അഴിച്ചുമാറ്റേണ്ട അവസ്ഥ. തലമറക്കാൻ പോലും പാടില്ലെന്നായി അടുത്ത നിയമം!**



**2008** മെയിൽ ബി.ജെ.പി സർക്കാർ അധികാരമേറ്റതിൽ പിന്നെ കർണാടകയിൽ നടന്നുകൊണ്ടിരിക്കുന്നത് ആസൂത്രിത വർഗീയവത്കരണമാണ്. ന്യൂനപക്ഷങ്ങൾക്കു നേരെ ദിനംപ്രതി സംഘടിത ആക്രമണങ്ങൾ നടക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികൾ ബുർഖ ധരിക്കുന്നത് തടയുന്ന എ.ബി.വി.പി മസിൽ കാമ്പയിനാണ് കൂട്ടത്തിൽ ഏറ്റവും ഒടുവിലത്തേത്.

2009 മാർച്ചിനു ശേഷം ദക്ഷിണ കാനറ ജില്ലയിൽ മാത്രം ഇത്തരം ആറ് സംഭവങ്ങൾ ഉണ്ടായി. അടുത്ത മാസങ്ങളിൽ എല്ലാ കോളേജുകളിലും ഇത് ബലാൽക്കാരം നടപ്പാക്കുമെന്നാണ് എ.ബി.വി.പിയുടെ പ്രഖ്യാപനം. സംഘടനയുടെ ഒരു പ്രതിനിധിയെങ്കിലും യൂനിയനിൽ ഉണ്ടെങ്കിൽ അവിടെ ബുർഖ നിരോധം നടപ്പാക്കുമെന്നും എ.ബി.വി.പി തീരുമാനിച്ചിരിക്കുന്നു. സ്വന്തം അസ്തിത്വം വെളിപ്പെടുത്താനാഗ്രഹിക്കുന്ന മുസ്‌ലിംകൾ തങ്ങൾ ഏതു രാജ്യത്താണ് ജീവിക്കുന്നതെന്ന് മറക്കരുതെന്നാണ് 'കാവിക്കുട്ടി'കളുടെ ആക്രോശം.

■ പള്ളിപരിസരത്ത് കൊണ്ടിട്ട പന്നിയുടെ ജഡം

പൗരാവകാശത്തിന് വേണ്ടി ചെറുത്തുനിന്നതിലൂടെ ആഇശ അസ്മിൻ എന്ന ബി.കോം വിദ്യാർഥിനിയാണ് പ്രശ്നം പൊതുശ്രദ്ധയിൽ കൊണ്ടുവന്നത്. ഇതേ ജില്ലയിലെ ബന്ധവാളിലെ ശ്രീ വെങ്കട്ടരാമൻ സ്വാമി കോളേജിലാണ് അസ്മിൻ ബി.കോമിന് ചേർന്നത്. ക്ലാസിൽ കയറുമ്പോൾ ബുർഖ പാടില്ലെന്നായിരുന്നു ആദ്യ ഉത്തരവ്. ഒരു മാസം കഴിഞ്ഞപ്പോൾ കാമ്പസിൽ തന്നെ ബുർഖക്ക് നിരോധമായി. ബുർഖ ധരിച്ചുവരുന്നവർ ഗേറ്റിനു പുറത്തുവെച്ച് അഴിച്ചുമാറ്റേണ്ട അവസ്ഥ. തലമറക്കാൻ പോലും പാടില്ലെന്നായി അടുത്ത നിയമം!

ഇന്റർവ്യൂവിന് ബുർഖ ധരിച്ച് പങ്കെടുത്ത അസ്മിൻ ക്ലാസ്സിലെത്തുമ്പോൾ അതഴിച്ചുവെക്കലായിരുന്നു പതിവ്. എന്നാൽ കോളേജ് യൂനിയൻ പ്രസിഡന്റായി ഒരു എ.ബി.വി.പി പ്രവർത്തകൻ തെരഞ്ഞെടുക്കപ്പെട്ടതോടെ സ്കാർഫും അഴിച്ചുമാറ്റണമെന്ന ഉത്തരവ് അസ്മിനു ലഭിച്ചു. അസ്മിന്റെ സ്കാർഫ് കോളേജിൽ സാമുദായിക സംഘർഷത്തിനു കാരണമാകുന്നുണ്ടെന്നായിരുന്നു പ്രസിഡന്റിന്റെ പക്ഷം. സ്കാർഫ് അഴിച്ചില്ലെങ്കിൽ തങ്ങൾ കാവി ഷാൾ ധരിപ്പിക്കാൻ നിർബന്ധിതരാവും എന്ന് ഭീഷണിപ്പെടുത്തിയവരോട്, കാവി ഷാൾ തന്നാൽ താൻ അതുകൊണ്ട് തലമറക്കാൻ തയാറാണെന്ന് അസ്മിനും തിരിച്ചടിച്ചു.

വളരെ വൈകാതെ സ്കാർഫ് ധരിക്കുന്ന അസ്മിനെയും അസ്റാമയെയും വിളിപ്പിച്ച് തലമറക്കരുതെന്ന് കോളേജ് പ്രിൻസിപ്പൽ ഡോ. സീതാരാമയ്യ ആവശ്യപ്പെട്ടു. അംഗീകരിക്കാതിരുന്ന വിദ്യാർഥിനികളുടെ രക്ഷിതാക്കളെ കോളേജിൽ വിളിച്ചു വരുത്തി. തലമറച്ചാൽ കോളേജ് വിടേണ്ടിവരും എന്ന് പ്രിൻസിപ്പൽ തീർത്തു പറഞ്ഞു. പ്രിൻസിപ്പലിനൊപ്പം മറ്റു അധ്യാപകരും വിദ്യാർഥിനികൾക്കും രക്ഷിതാക്കൾക്കും നേരെ ആക്ഷേപശരങ്ങൾ ചൊരിഞ്ഞു. ഒന്നുകിൽ വിദ്യാഭ്യാസം അല്ലെങ്കിൽ മതം എന്നായിരുന്നു അവരുടെ ഉപദേശം. കോളേജിൽ സുന്ദരികളായ ധാരാളം കുട്ടികളുള്ളതിനാൽ സ്കാർഫ് അഴിച്ചാലും തന്നെയൊന്നും ആരും നോക്കാൻ പോവില്ലെന്ന് ഒരു അധ്യാപകൻ അസ്മിന്റെ മുഖത്തു നോക്കി പറഞ്ഞു. ഒടുവിൽ മറ്റൊരു കോളേജിലേക്ക് മാറ്റം തരണമെന്നാവശ്യപ്പെട്ട് യൂനിവേഴ്സിറ്റി വൈസ് ചാൻസ്ലറെ സമീപിക്കുക വരെ ചെയ്തു ഈ വിദ്യാർഥിനി.



▪ ആഇശ അസ്മിൻ

**ദക്ഷിണേന്ത്യയിൽ ഒരു ഗുജറാത്ത് നിർമിക്കുക എന്ന സ്വപ്ന പദ്ധതിയാണ് ബി.ജെ.പി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ദേശീയതലത്തിൽ കാവി സംഘം ആഭ്യന്തര ഛിദ്രത കാരണം തകർന്നുകൊണ്ടിരിക്കുമ്പോഴും സംസ്ഥാനത്ത് ഭരണത്തെ വെച്ച് പാർട്ടി വളർത്താനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.**

ഹിന്ദുത്വ സംഘടനകളുടെ ഭീഷണിക്ക് വഴങ്ങിയാണ് പ്രിൻസിപ്പൽ ഇത്തരമൊരു പൗരാവകാശ ധ്വംസന നിലപാടെടുത്തതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ചെറുത്തുനിൽക്കാൻ ധൈര്യം കാണിക്കാത്തവർ പലരും ഭീഷണിക്ക് വഴങ്ങുകയാണ് ചെയ്യുന്നത്. ഇതേ കോളേജിൽ, നേരത്തെ മുംതാസ് എന്ന അധ്യാപിക 15 ദിവസം മാത്രം ജോലി ചെയ്ത് ഇറങ്ങിപ്പോവുകയാണുണ്ടായത്. ഉപ്പിനങ്ങാടിയിലെ സർക്കാർ ബിരുദ കോളേജിലെ 82 മുസ്‌ലിം വിദ്യാർഥിനികളാണ് തല മറച്ചതിന്റെ പേരിൽ അധികൃതരുടെ ശാസന ഏറ്റുവാങ്ങിയത്.

(ക്രിസ്ത്യൻ സ്ഥാപനങ്ങളിലും ബുർഖ നിരോധം നടപ്പാക്കുന്നു എന്നതാണ് ഏറെ വൈരുധ്യം നിറഞ്ഞ മറ്റൊരു കാര്യം. മംഗലാപുരത്തെ സെന്റ് ആഗ്നസ് കോളേജ്, സെന്റ് ആൻസ് കോളേജ്, സെന്റ് അലോഷ്യസ് കോളേജ് എന്നീ സ്ഥാപനങ്ങളിലും ബുർഖയും സ്കാർഫും നിരോധിച്ചിരിക്കുന്നു. ബുർഖയും സ്കാർഫും കാമ്പസിലെ ഏകമുഖത്തെ ഇല്ലാതാക്കുമെന്നും വിദ്യാർഥിനികൾ വിവേചനത്തിനിരയാക്കപ്പെടാൻ കാരണമാകുമെന്നും ഡോ. പ്രേം ഡിസൂസ വിശദീകരിക്കുന്നു. കന്യാസ്ത്രീകളുടെ വസ്ത്രധാരണം തികച്ചും വ്യത്യസ്തമായ മറ്റൊന്നാണ് എന്നാണ് ഇവരുടെ അഭിപ്രായം!)

കാവിഭരണത്തിന്റെ തണലിൽ നടപ്പാക്കുന്ന ന്യൂനപക്ഷ വിരുദ്ധ അജണ്ടയിലെ ഒരിനം മാത്രമാണ് ബുർഖ നിരോധം. കഴിഞ്ഞ പത്തു മാസങ്ങൾക്കിടയിൽ സംസ്ഥാനത്ത് പ്രസിദ്ധീകരിച്ച ദേശീയ-പ്രാദേശിക പത്രങ്ങളിൽ വന്ന ചില വാർത്താ സാമ്പിളുകൾ കാവിവത്കരണത്തിന്റെ ആസൂത്രണ വൈഭവം കുറെ കൂടി വെളിപ്പെടുത്താൻ ഉപകരിക്കും.

2008 മെയ്- യെദിയൂരപ്പ സർക്കാർ അധികാരമേൽക്കുന്നു.

ജൂൺ 9- പുതുതായി തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിക്ക് വേണ്ടി പ്രത്യേക പൂജ നടത്തണമെന്ന് ക്ഷേത്ര കാര്യ മന്ത്രി കൃഷ്ണയ്യ ഷെട്ടി സംസ്ഥാനത്തെ 34,000 ക്ഷേത്രങ്ങളിലേക്ക് സർക്കുലർ അയച്ചു. പ്രതിഷേധങ്ങളെത്തുടർന്ന് പിന്നീട് ഈ സർക്കുലർ ഭേദഗതി ചെയ്യപ്പെട്ടു.

ജൂൺ 14- കെ. രഘുപതി ഭട്ട് എം.എൽ.എയുടെ ഭാര്യ പദ്മപ്രിയ കൊല്ലപ്പെട്ടു.

ജൂലൈ 12- ബാംഗ്ലൂരിലെ ജെ.സി നഗറിലെ ഒരു മസ്ജിദിനു മുമ്പിൽ ഹിന്ദുത്വ പ്രവർത്തകർ പന്നിയുടെ ജഡം കൊണ്ടിട്ടു.

ആഗസ്റ്റ് 10- മഞ്ചനബലെ ഡാമിനടുത്ത് മദ്യപാന പാർട്ടി നടത്തി എന്നാരോപിച്ച് 'കർണാടക രക്ഷണ വേദികെ' യുടെ പ്രവർത്തകർ 35 പേരെ ആക്രമിച്ചു.

ആഗസ്റ്റ് 14- ഒറീസയിൽ ക്രിസ്ത്യാനികൾക്കു നേരെ നടന്ന ആക്രമണത്തിൽ പ്രതിഷേധിക്കാൻ മുഴുവൻ ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു ദിവസം അടച്ചിടണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകി. ഇതിനു തൊട്ടുടനെ സംസ്ഥാനത്തൊട്ടാകെ ചർച്ചുകൾ ആക്രമിക്കപ്പെടുകയുമുണ്ടായി.

ആഗസ്റ്റ് 24- മംഗലാപുരത്തെ തിരക്കേറിയ ജംഗ്ഷനിൽ ഒരു ബസ് തടഞ്ഞു

നിർത്തി ഒരു ഹിന്ദു പെൺകുട്ടിയെയും മുസ്‌ലിം സുഹൃത്തിനെയും പുറത്തേക്ക് വലിച്ചിട്ട് അപമാനിച്ചു.

ആഗസ്റ്റ് 8– ഏതാനും പെൺകുട്ടികളെ ബാഗെടുക്കാൻ സഹായിച്ചു എന്നാരോപിച്ച് സയ്ദ്, സുൽഫീക്കർ, അമീൻ എന്നീ യുവാക്കളെ മംഗലാപുരത്ത് ബസ് തടഞ്ഞുനിർത്തി ആക്രമിച്ചു. ബജ്റംഗ്ദൾ പ്രവർത്തകരാണ് ആക്രമിച്ചത്.

സെപ്റ്റംബർ 14– മംഗലാപുരം കേന്ദ്രീകരിച്ച് വ്യാപകമായി ചർച്ചുകൾ ആക്രമിക്കപ്പെട്ടു.

ഒക്ടോബർ 16– സോണിയാ ഗാന്ധി കോൺഗ്രസ് അധ്യക്ഷയായതിനു ശേഷം കർണാടകയിൽ മതംമാറ്റം ആപൽകരമായി ഉയർന്നതായി കന്നഡ പത്രം ഒന്നാം പേജിൽ വാർത്ത നൽകി. തദ്‌വിഷയകമായി ഒരു മാസത്തോളം പത്രത്തിൽ ചർച്ചകൾ നടന്നു.

ഒക്ടോബർ 30– മംഗലാപുരം ജില്ലാ സബ് ജയിലിലെ രണ്ട് വിചാരണത്തടവുകാരെ ബജ്റംഗ്ദൾ പ്രവർത്തകർ ആക്രമിച്ചു. സംഘടനയുടെ മുഖ്യൻ മഹേന്ദ്ര കുമാറിനെ സെപ്റ്റംബർ 20–ന് അറസ്റ്റ് ചെയ്തതിനു ശേഷമുള്ള ആറാമത്തെ ആക്രമണമായിരുന്നു അത്.

ഡിസംബർ 27– ബാംഗ്ലൂരിലെ ഫ്യൂഗ ബാറിൽ അധാർമിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നാരോപിച്ച് ഹൊയ്സല സേനെ പ്രവർത്തകർ ബാർ ആക്രമിച്ചു.

ഡിസംബർ 28– വിവിധ മതസ്ഥരായ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് യാത്ര ചെയ്യരുതെന്ന് പറഞ്ഞ് മൈസൂരിലേക്ക് പഠനയാത്ര പോയ ഒരു സ്കൂൾ ബസിനു നേരെ ബജ്റംഗ്ദൾ പ്രവർത്തകർ ആക്രമണം നടത്തി.

ജനുവരി 6– ശക്തമായ ഫാഷിസ്റ്റ് വിരുദ്ധ നിലപാടെടുത്ത, മംഗലാപുരത്തുനിന്നിറങ്ങുന്ന *കരാവലി അലെ* പത്രത്തിന്റെ എഡിറ്റർ ബി.വി സീതാരാമിനെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്തു. ഇതിനു മുന്നോടിയായി സംഘ്പ്രവർത്തകർ പത്രത്തിന്റെ ഓഫീസിൽ ആക്രമണം നടത്തിയിരുന്നു.

ജനുവരി 7– വൈകുണ്ഠ ഏകാദശിക്ക് സംസ്ഥാനത്തെ പല സ്കൂളുകളിലും ലഡു വിതരണം നടത്തി.

ജനുവരി 19– തീവ്ര ഹിന്ദു വിഭാഗങ്ങളുമായി ബന്ധം പുലർത്തുന്നതായി അറസ്റ്റ് ചെയ്യപ്പെട്ട ഒരു ഗുണ്ടാതലവൻ മൊഴി നൽകി. മെയിലെ തെരഞ്ഞെടുപ്പിന് മുമ്പ് ഹൂബ്ലി ജില്ലാ കോടതിയിൽ ബോംബ് വെച്ചതും ഇയാൾ ഏറ്റുപറഞ്ഞു.

ജനുവരി 25– മംഗലാപുരത്തെ പബ്ബുകളിലും ബാറുകളിലും ശ്രീരാമ സേന പ്രവർത്തകർ അഴിഞ്ഞാട്ടം നടത്തി. ഒരു പാർട്ടിയിലേക്ക് അഹിന്ദുക്കളായ സ്ത്രീകളെ ക്ഷണിച്ചതിന് ശ്രീരാമ സേനക്കാർ മംഗലാപുരത്തിനടുത്ത് ബൽമാട്ടയിലെ ഒരു വീട് ആക്രമിച്ചു.

ജനുവരി 28– സൂര്യഗ്രഹണത്തിന്റെ ദോഷങ്ങളകറ്റാൻ പ്രത്യേക പൂജ നടത്തണമെന്ന് എല്ലാ ക്ഷേത്രങ്ങൾക്കും സർക്കാർ നോട്ടീസ് നൽകി.

ജനുവരി 29– കോളേജിൽ പഠിക്കുന്ന മുസ്‌ലിം വിദ്യാർഥിനികൾ യാത്രാ വേളയിൽ പോലും ബുർഖ ധരിക്കരുതെന്നാവശ്യപ്പെട്ട് ഗോബ്ബാലതട്കയുടെ നേതൃത്വത്തിൽ അനേകം വിദ്യാർഥികൾ തെരുവിലിറങ്ങി. എതിർപ്പ് പ്രകടിപ്പിച്ച ഹിന്ദു-മുസ്‌ലിം വിഭാഗങ്ങളിൽപെട്ടവരെയും ബഹളക്കാർ കൈകാര്യം ചെയ്തു.

ജനുവരി 30– രാഷ്ട്രീയ ഹിന്ദു സേനാ തലവൻ പ്രമോദ് മുതല്ലിക് സായുധ പോരാട്ടത്തിന് പൊതു ആഹ്വാനം നടത്തി. ജനുവരി 17ന് ഉഡുപ്പിയിലെ ഒരു റാലിയിൽ വെച്ച് മുതല്ലിക് ആക്രോശിച്ചു: "ഇനി സ്ഫോടനങ്ങളുടെ കാലമാണ്. മാലേഗാവ് ഒരു ട്രെയിലർ മാത്രമാണ്. ഓരോ വീട്ടിലും ഒരു പ്രജ്ഞാ സിംഗ് ഉണ്ടാവണം. എല്ലാ വീട്ടമ്മമാരും ബോംബ് കൈയിൽ കരുതണം."

ജനുവരി 31– ബി.ജെ.പി എം.എൽ.എ സാംപാഗി അഴിമതിക്കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടു.

ഫെബ്രുവരി 6– കാസർകോട്ടെ എം.എൽ.എ ആയ സി.എച്ച് കുഞ്ഞമ്പുവിന്റെ മകൾ ശ്രുതിയെയും സഹപാഠി ഷബീബിനെയും മംഗലാപുരത്ത് ബസ് തടഞ്ഞു നിർത്തി ഇറക്കി വിട്ട് അഹിന്ദുക്കളുമായി കൂട്ടുകൂടരുതെന്ന് ശ്രുതിക്ക് അന്ത്യശാസനം നൽകി.

ഫെബ്രുവരി 9– വിദ്യാർഥികൾക്കിടയിൽ സർക്കാറിന്റെ ഭീകരവിരുദ്ധ കാമ്പയിൻ ആരംഭിച്ചു. ന്യൂനപക്ഷ വിദ്യാർഥികളെ ഒറ്റപ്പെടുത്താനും കാമ്പസുകളെ കാവിവൽക്കരിക്കാനുമുള്ള പദ്ധതിയെന്ന് ഇതിനെതിരെ ശക്തമായ വിമർശം ഉയർന്നു.

ഫെബ്രുവരി 11– ഒരു മുസ്‌ലിം സുഹൃത്തിന്റെ കൂടെ നടന്നതിന് ഹിന്ദുത്വ പ്രവർത്തകർ പൊതുവഴിയിൽ വെച്ച് അപമാനിച്ചതിൽ മനംനൊന്ത് മംഗലാപുരത്തിനടുത്ത് മുൽകിയിലെ ജയമൂല്യ എലിംഗെയുടെ മകൾ അശ്വനി എന്ന പതിനാറുകാരി ആത്മഹത്യ ചെയ്തു.

ഫെബ്രുവരി 19– ബെല്ലാരിയിൽ പോലീസ് കർഷകർക്കു നേരെ ആക്രമണം നടത്തി.

ഫെബ്രുവരി 26– ഒരു ജ്യൂസ് കടയിൽ സംസാരിച്ചുകൊ

ണ്ടിരിക്കുകയായിരുന്ന ഒരു ആൺകുട്ടിയെയും പെൺകുട്ടിയെയും അഞ്ചു പേരടങ്ങുന്ന സംഘം കൈയേറ്റം ചെയ്തു. ബാംഗ്ലൂരിൽ ബ്രിഗേഡ് റോഡിൽ ഒരു കൂട്ടം പെൺകുട്ടികളെ, പാശ്ചാത്യശൈലിയിൽ വസ്ത്രം ധരിച്ചതിനും തെരുവിൽ വെച്ച് പുകവലിച്ചതിനും ഒരു സംഘം യുവാക്കൾ മർദിച്ചു. ഇന്ദ്രനഗറിലും ഒരു പെൺകുട്ടി ഇത്തരത്തിൽ ആക്രമിക്കപ്പെട്ടു. ശ്രീരാമ സേനക്കെതിരെയുള്ള കാമ്പയിനിൽ പങ്കെടുത്തു എന്നാരോപിച്ച് 28കാരിയായ യുവതിയെ കൊറമംഗലയിൽ വെച്ച് ആക്രമിച്ചു. ജീൻസും സ്ലീവ്‌ലെസ് കുർത്തയും ധരിച്ചതിന് മൗണ്ട് കാർമൽ കോളേജിനടുത്ത് വെച്ച് യുവ സിനിമാ സംവിധായകയെ ആക്രമിച്ചു.

- മാർച്ച് 3- കർണാടകയുടെ ഉൾഭാഗങ്ങളിൽ വിദ്യാർഥിനികൾ ബുർഖ ധരിക്കുന്നത് തടഞ്ഞ് എ.ബി.വി.പി ഉത്തരവിറക്കി. പലയിടത്തും സ്കൂൾ-കോളേജ് അധികൃതർ വിലക്ക് ഔദ്യോഗികമായി അംഗീകരിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കകത്തേക്ക് ബുർഖ ധരിച്ച് കടക്കുന്നവരെ പലയിടത്തും എ.ബി.വി.പിക്കാർ വിരട്ടുകയും തടയുകയും ചെയ്തു.
- മാർച്ച് 9- കൃഷ്ണപുരയിലെ മുഹമ്മദ് എന്നൊരാളെ അറസ്റ്റ് ചെയ്യുന്നതിൽ തടസ്സം നിന്നു എന്നാരോപിച്ച് അദ്ദേഹത്തിന്റെ ഭാര്യ സുഹ്റ(35)യെയും മകൾ ബുശ്റ(19)യെയും സൂറത്ത്കൽ പോലീസ് അറസ്റ്റ് ചെയ്തു.
- മാർച്ച് 17- ഉഡുപ്പിക്കടുത്ത മടിക്കലിലെ ഒരു ജുമാ മസ്ജിദിലെ ഫർണിച്ചറും ലൈറ്റുകളും ഫാനുകളും മറ്റും അജ്ഞാത സംഘം നശിപ്പിച്ചു.
- മാർച്ച് 23- ഉത്തര കാനറ ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾ റാലി നടത്തുന്നത് തടയുമെന്ന് മൂന്നു തവണ തുടർച്ചയായി എം.പി ആയ അനന്ത് കുമാർ ഹെഗ്ഡെ പ്രസ്താവിച്ചു. 63 ക്രിമിനൽ കേസുകളുള്ള തനിക്ക് അതിലേക്ക് ഒന്നു കൂടി കൂടുന്നത് പ്രശ്നമല്ലെന്നും ഒരൊറ്റ ന്യൂനപക്ഷ വോട്ടും വേണ്ടതില്ലെന്നും അയാൾ തുറന്നടിച്ചു.

ദക്ഷിണേന്ത്യയിൽ ഒരു ഗുജറാത്ത് നിർമിക്കുക എന്ന സ്വപ്ന പദ്ധതിയാണ് ബി.ജെ.പി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ദേശീയതലത്തിൽ കാവി സംഘം ആഭ്യന്തര ഛിദ്രത കാരണം തകർന്നുകൊണ്ടിരിക്കുമ്പോഴും സംസ്ഥാനത്ത് ഭരണത്തെ വെച്ച് പാർട്ടി വളർത്താനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫാഷിസ്റ്റുകളെ ചെറുക്കാനെന്ന പേരിൽ സംഘടിപ്പിക്കപ്പെടുന്ന പുതു മുസ്‌ലിം ആവേശ സംഘങ്ങൾ ഇതിന് വളംവെച്ചു കൊടുക്കുന്നുണ്ട് എന്നു വേണം കരുതാൻ. പ്രതിവർഗീയതയിലൂടെ പാർട്ടി വളർത്താമെന്ന മൗഢ്യത്തിലാണ് ഇക്കൂട്ടർ ഒതുങ്ങിയ പ്രശ്നങ്ങൾ പോലും കുത്തിപ്പൊക്കുന്നത്. മൈസൂരിൽ ഒരു പള്ളിയിൽ ചത്ത പന്നിയുടെ തല കണ്ട സംഭവത്തിൽ ഇതാണ് സംഭവിച്ചതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സംഘർഷം ഉണ്ടായ ഉടൻ തന്നെ സ്ഥലത്തെത്തിയ സ്ഥലം എം.എൽ.എ തൻവീർ സേട്ട് പ്രശ്നം രമ്യമായി പരിഹരിച്ച ശേഷവും തിരിച്ചടി ലഹരി കുത്തിവെച്ച് ഇക്കൂട്ടർ പ്രശ്നം വളർത്താൻ ശ്രമിക്കുകയാണുണ്ടായത്. തുടർന്ന് ദിവസങ്ങളോളം തുടർന്ന സംഘർഷത്തിൽ നഷ്ടം പറ്റിയത് (എപ്പോഴുമെന്ന പോലെ) ന്യൂനപക്ഷങ്ങൾക്കുതന്നെ. മലപ്പുറത്തെയും തിരൂരിലെയും മുസ്‌ലിം ചെറുപ്പക്കാരെ ഈ സംഭവവുമായി ബന്ധപ്പെട്ട് മൈസൂരിൽ അറസ്റ്റ് ചെയ്തുവെന്ന വിശ്വസനീയ കേന്ദ്രങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ സമുദായത്തിലെ പക്വമതികളുടെ അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നവയാണ്.

രാഷ്ട്രീയമായ അനാഥത്വമാണ് കർണാടകയിലെ മുസ്‌ലിംകൾ അനുഭവിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് മാത്രം ജീവൻ വെക്കുന്ന മുത്തഹിദ മഹാസിന് സമുദായത്തെ ശാക്തീകരിക്കുന്നതിൽ വിശേഷിച്ചൊന്നും ചെയ്യാൻ കഴിയുന്നില്ല. വിശാലവും പുരോഗമനപരവും ഉൾക്കാഴ്ചയുള്ളതുമായ ഒരു മുസ്‌ലിം രാഷ്ട്രീയ നീക്കത്തിനേ സമുദായത്തെ രക്ഷിക്കാനാവൂ. അതിനിടയിൽ ഉറഞ്ഞുതുള്ളാൻ വെമ്പൽ കൊള്ളുന്ന ചാവേർ സംഘങ്ങൾ രാഷ്ട്രീയക്കോലം കൂടി കെട്ടിയാൽ സമുദായം ഇനിയും കൊടുക്കേണ്ടിവരുന്ന വില ചില്ലറയായിരിക്കില്ല. ■



■ ബി.വി സീതാറാം

**മൈസൂരിൽ ദിവസങ്ങളോളം തുടർന്ന സംഘർഷത്തിൽ നഷ്ടം പറ്റിയത് (എപ്പോഴുമെന്ന പോലെ) ന്യൂനപക്ഷങ്ങൾക്കുതന്നെ. മലപ്പുറത്തെയും തിരൂരിലെയും മുസ്‌ലിം ചെറുപ്പക്കാരെ ഈ സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുവെന്ന വിശ്വസനീയ കേന്ദ്രങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ സമുദായത്തിലെ പക്വമതികളുടെ അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നവയാണ്.**